ഭരണഭാഷ - മാതൃഭാഷ

സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
ഹാജർ : സീറാം സാംബശിവ റാവു IAS

നമ്പർ: DSLR/207/2024-G3

തിരുവനന്തപുരം
തീയതി : 23-05-2025

വിഷയം: സർവെയും ഭൂരേഖയും വകുപ്പ് - ജീവനക്കാര്യം ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തിക പൊതു സ്ഥലം മാറ്റം 2024- അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :

(1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ(പി) 3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ്

(2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 05/04/2018 ലെ സ.ഉ(കൈ) 10/2018/ ഉ.ഭ.പ.വ നമ്പർ ഉത്തരവ്

(3) റവന്യൂ (ഇ) വകുപ്പിന്റെ 10/04/2023 ലെ സ.ഉ.(കൈ)/ 76/2023/RD നമ്പർ ഉത്തരവ്

(4)സർവെ ഡയറക്ടറുടെ 10/01/2025ലെ DSLR/803/2024-A4 നമ്പർ സർക്കുലർ

(5) Esurvey.dslr.kerala.gov.in പോർട്ടലിൽ ഓഫീസ് മേധാവിമാർ എൻട്രി വരുത്തിയിട്ടുള്ള ജീവനക്കാരുടെ സേവന വിവരങ്ങൾ.

(6) സർവെ ഡയറക്ടറുടെ 19/03/2025 തീയതിയിലെ DSLR/207/2024-G3 നമ്പർ നടപടിക്രമം.

(7) ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ ജീവനക്കാർ ഓൺലൈൻ മുഖാന്തിരം സമർപ്പിച്ച അപേക്ഷകൾ

(8)സർവെ ഡയറക്ടറുടെ 25/03/2025 തീയതിയിലെ DSLR/207/2024-G3 നമ്പർ നടപടിക്രമം.

(9)സർവെ ഡയറക്ടറുടെ 09/04/2025 തീയതിയിലെ DSLR/207/2024-G3 നമ്പർ നടപടിക്രമം.

(10) സർവെ ഡയറക്ടറുടെ 02/05/2025 തീയതിയിലെ DSLR/207/2024-G3 നമ്പർ നടപടിക്രമം.

സർവെയും ഭൂരേഖയും വകുപ്പിൽ പൊതുസ്ഥലമാറ്റം നടപ്പിലാക്കുന്നതിന്, പരാമർശം (1), (2) എന്നിവ അടിസ്ഥാനമാക്കി പൊതുസ്ഥല മാറ്റങ്ങൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ജീവനക്കാരുടെ സേവന വിവരങ്ങൾ എൻട്രി വരുത്തുന്നതിന് ഓഫീസ് മേധാവിമാർക്ക് അവസരം നൽകിയിരുന്നു. ജീവനക്കാരുടെ സീനിയോരിറ്റി, അവധി വിവരം എന്നിവ ഓഫീസ് മേധാവികൾ പരിശോധിച്ച് നാളതീകരിച്ച് പരാമർശം (5) പ്രകാരം ലഭ്യമായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ ജീവനക്കാരുടെ 30/04/2024 തീയതി വരെയുള്ള സർവ്വീസ് കാലയളവ് കണക്കാക്കിയുള്ള സ്റ്റേഷൻ / ജില്ലാതല അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് പരാമർശം(6) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (7) പ്രകാരം ലഭിച്ച അപേക്ഷകളിലെ സ്റ്റേഷൻ സീനിയോരിറ്റി, ഹോം ജില്ല, സ്റ്റേഷനിലേയ്ക്കുള്ള ദൂരം, പ്രൊമോഷൻ ഉത്തരവിലെ ക്രമ നമ്പർ എന്നിവ അടിസ്ഥാനമാക്കി ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ ജീവനക്കാരുടെ 2024 വർഷത്തിലെ പൊതുസ്ഥലംമാറ്റ അപേക്ഷകളുടെ കരട് മുൻഗണനാപ്പട്ടിക പരാമർശം (8) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. സ്വന്തം ജില്ലവിട്ട് അവസാനമായി സ്ഥലംമാറി പോയ തീയതിയാണ് സീനിയോരിറ്റി കണക്കാക്കുന്നതിന് മാനദണ്ഡമാക്കിയിട്ടുള്ളത്.

ടി ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സമയം അനുവദിച്ചിരുന്നതും അപ്രകാരം ലഭിച്ച എല്ലാ ആക്ഷേപങ്ങളും പരിശോധിച്ചിട്ടുള്ളതും ആയത് ഓൺലൈനായി തന്നെ തീർപ്പാക്കി പരാമർശം (9) പ്രകാരം അപേക്ഷകരുടെ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (10) പ്രകാരം ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ ജീവനക്കാരുടെ 2024 വർഷത്തിലെ പൊതുസ്ഥലംമാറ്റം കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

കരട് സ്ഥലംമാറ്റ പട്ടികയിന്മേൽ എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉള്ളപക്ഷം ആയത് ടി ഉത്തരവ് തീയതി മുതൽ 3 ദിവസത്തിനകം ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നതും ലഭ്യമായ പരാതികൾ പരാമർശം (3), (4) ലെ വ്യവസ്ഥകൾപ്രകാരം പരിഹരിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ സർവെയും ഭൂരേഖയും വകുപ്പിൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ 2024 വർഷത്തിലെ പൊതുസ്ഥലംമാറ്റം അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

മേൽ ലിസ്റ്റ് പ്രകാരം സ്ഥലംമാറ്റം നൽകിയിട്ടുള്ള ജീവനക്കാരുടെ ലാവണ കാര്യാലയങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള തുടർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Transfer Transfer Final Order of Head Draftsman - 2024 (General Transfer)

| Index | Employees (PEN) | Current Station | Transferred Station | Category |
|---|---|---|---|---|
| 1 | Satheesh kumar S (394732) | KOZHIKODE | THIRUVANANTHAPURAM | General |
| 2 | Smitha Ranjini T S (107045) | PALAKKAD | THIRUVANANTHAPURAM | General |
| 3 | Sunil K Thomas (123217) | IDUKKI | KOTTAYAM | General |
| 4 | Krishna Prasad D (197808) | PALAKKAD | MALAPPURAM | General |
| 5 | Joby Mathew (123340) | KOZHIKODE | WAYANAD | General |
| 6 | Bindu P P (461606) | KASARGOD | KANNUR | General |

-ഒപ്പ് -

സർവെ ഡയറക്ടർ

പകർപ്പ്:

1. എല്ലാ RJD/DD/AD/SSLR മാർക്കും

2. ഡയറക്ടറുടെ സി.എ. അഡീണൽ ഡയറക്ടറുടെ സി.എ

3. ഡെപ്യൂട്ടി ഡയറക്ടർ-I, II, III/ അസിസ്റ്റന്റ് സെക്രട്ടറി

4. വ്യക്തികൾക്ക്

5. കരുതൽ ഫയൽ/ജി3

(ഒപ്പ്)

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്